VIDYA VILASAM
Arithmetic Series.
FOR ELEMENTARY SCHOOLS.

അങ്കഗണിതം

ഒന്നാംപുസ്തകം.

എൻ. നാരായണയ്യർ, ബി. എ, എൽ. റ്റി.

[illegible], ബി. എ., എൽ. റ്റി.

പ്രകാശകൻ,

തോമസ്പോൾ ബി. എ.

വിദ്യാവിലാസം പ്രസിദ്ധീകരണശാല.

തിരുവനന്തപുരം.

Copy right reserved.) (വില ചക്രം [illegible])

☞ പ്രകാശകന്റെയും ഗ്രന്ഥകർത്താക്കന്മാരിൽ ആരുടെയെങ്കിലും

ഒപ്പോടേയും, മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

١٩١٥٢
١٧

അങ്കഗണിതം

ഒന്നാം പുസ്തകം

(ഒന്നാം ക്ലാസ്സിലേക്ക്)

ഏ. നാരായണയ്യർ, ബി. എ., എൽ.റ്റി.
യു. രാമകൃഷ്ണക്കുക്കിലായ, ബി. എ., എൽ. റ്റി.

പ്രകാശകൻ
തോമസ് പോൾ, ബി. എ.
വിദ്യാവിലാസം പ്രസിദ്ധീകരണശാല
തിരുവനന്തപുരം

Copy-Right Reserved]

[വില [illegible] ചക്രം

No. 23

അങ്കഗണിതം

ഒന്നാം പുസ്തകം

ഒരു കുട്ടി

ഒരു പശു



ആന ഒന്ന്



കുതിര ഒന്ന്

൧. ഒരാൾക്കു് ഒരു തലയുണ്ടു്.

൨. ഓരോ ക്ലാസിൽ ഓരോ വാദ്ധ്യാരുണ്ടു്.

൩. ഒരു കുട്ടി പള്ളിക്കൂടത്തിലേക്കു വരുമ്പോൾ ഒരു സ്ലേററു കൊണ്ടുവരുന്നു.

൪. ഒരു കുട്ടി വലത്തുകൈയിലുള്ള ഒരു പെൻസിൽ കൊണ്ടു എഴുതുന്നു.



രണ്ടു കാക്ക



പശു രണ്ടു്

ഒന്നും ഒന്നും കൂടി രണ്ടു്.

മൂന്നു കാള

മൂന്നു പൂച്ച

ഒന്നും, ഒന്നും, ഒന്നും.
ഒന്നും, രണ്ടും.
രണ്ടും, ഒന്നും.

മൂന്നു്

പട്ടി രണ്ടു്

പട്ടി ഒന്നു്

പട്ടി മൂന്നു്

അഭ്യാസം ൨

൧. എന്റെ കൈയിൽ മൂന്നു ചക്രം ഉണ്ടായിരുന്നു. രണ്ടു ചക്രം കളഞ്ഞുപോയി. ശിഷ്ടം എത്ര ചക്രം ഉണ്ട്?

൨. കിണററുവക്കിൽ മൂന്നു കാക്ക ഇരുന്നിരുന്നു. അതിൽ ഒരു കാക്ക പറന്നുപോയി. ഇപ്പോൾ അവിടെ എത്ര കാക്ക ഉണ്ട്?

൩. എന്റെ കൈയിൽ മൂന്നു മാമ്പഴം ഉണ്ട്. അതിൽ ഒന്ന് ചീത്തയാണ്. എന്റെ കൈയിലുള്ള നല്ല മാമ്പഴം എത്ര?

൪. രാമന് ഒരു പെൻസിലും ഗോപാലന് രണ്ടു പെൻസിലും ഉണ്ട്. രണ്ടുപേൎക്കും കൂടിയുള്ള പെൻസിൽ എത്ര?

൫. ഓരോ കുട്ടിക്ക് ഓരോ പുസ്തകം ഉണ്ട്. എന്നാൽ മൂന്ന് കുട്ടികൾക്ക് ആകെ എത്ര പുസ്തകം ഉണ്ട്?

൬. എനിക്ക് ദിവസം ഒരു രൂപാ കിട്ടും. മൂന്നു ദിവസത്തിൽ എനിക്ക് കിട്ടുന്ന രൂപായെത്ര?

ആട്ട് മൂന്ന്

ആട്ട് ഒന്ന്



ആട്ട് നാല്

രണ്ട് ആട്ട്

രണ്ട് ആട്ട്

നാല് ആട്ട്

അഭ്യാസം ൩

൧. ഒരു കുട്ടിക്കു് മൂന്നു് അനുജന്മാരുണ്ടു്. ജ്യേഷ്ഠാനുജന്മാരെത്ര?

൨. ഒരു കുട്ടിക്കു് രണ്ടു് വലിയ പന്തും ഒരു ചെറിയ പന്തും കിട്ടുന്നു. ആകെ അവനു് കിട്ടിയ പന്തു് എത്ര?

൩. ഗോവിന്ദനു് നാലു് ഗോലിയുണ്ടു്. അതിൽ ഒന്നു പൊട്ടിപ്പോയി. ശിഷ്ടം അവനു് എത്ര ഗോലിയുണ്ടു്?

൪. നാലു് കടലാസ്സു് വാങ്ങിച്ചതിൽ മൂന്നെണ്ണം കീറിയതായിരുന്നു. കീറാത്ത കടലാസ്സു് എത്ര?

൫. രാമനു് ഒരു പെൻസിൽ ഉണ്ടായിരുന്നു. വാദ്ധ്യാർ അവനു് മൂന്നു പെൻസിൽ കൂടി കൊടുത്തു. അവൻ അതിൽ രണ്ടു് എണ്ണം ഒടിച്ചുകളഞ്ഞു. ശിഷ്ടം അവനു് ഉള്ള പെൻസിൽ എത്ര?

൬. എനിക്കു് നാലു് മഷിക്കുപ്പി ഉണ്ടായിരുന്നു. അതിൽ രണ്ടെണ്ണം ഒരു ഇഷ്ടനു് കൊടുത്തു. ശിഷ്ടം എനിക്കു് എത്ര മഷിക്കുപ്പി ഉണ്ടു് ?

നാല് കോഴി

ഒരു കോഴി





അഞ്ച് കോഴി

കോഴി രണ്ട്

കോഴി മൂന്ന്





കോഴി അഞ്ച്

അഭ്യാസം ൮

൧. നിങ്ങളുടെ സ്ലേററിൽ അഞ്ചു വര വരയ്ക്കുക.

൨. അതിൽനിന്നു് മൂന്നു് വര മാച്ചുകളഞ്ഞാൽ ശി ഷ്ടം എത്ര വരയുണ്ടു്?

൩. പിന്നെയും രണ്ടുകൂടെ വരച്ചാൽ ആകെ എത്ര വര കാണും?

൪. ആകെ അഞ്ചു വര ആകുന്നതിനു് ഇനി എത്ര വര വരയ്ക്കണം?

൫. ഇപ്പോളുള്ളതിൽ എത്ര വര മാച്ചുകളഞ്ഞാൽ ശിഷ്ടം ഒരു വര കാണും?

൬. എന്റെ വീട്ടിൽ അഞ്ചു് പ്രാവുണ്ടായിരുന്നു. അതിൽ രണ്ടെണ്ണത്തിനെ പൂച്ച പിടിച്ചു് തിന്നുകളഞ്ഞു. പിന്നെ എത്ര പ്രാവു് ഉണ്ടു്?

അഞ്ചു പക്ഷി



ഒരു പക്ഷി

ആറു് പക്ഷി

മൂന്നു് കാക്ക

മൂന്നു് കാക്ക

ആറു് കാക്ക

അഭ്യാസം ൫

൧. ഒരു കലയിൽ ആറ് മാങ്ങയുണ്ടായിരുന്നു. രണ്ടെണ്ണം വീണുപോയി. ശേഷിപ്പു ആ കലയിൽ എത്ര മാങ്ങയുണ്ട്?

൨. ആകെ ഉണ്ടായിരുന്നതിൽ എത്ര വീണിരുന്നാൽ ഒടുവിൽ ഒരു മാങ്ങ ശേഷിക്കും?

൩. ഒരു തട്ടത്തിൽ ആറ് മാങ്ങ ഉണ്ടായിരുന്നു. അതിൽ ജോൺ ഒരു മാങ്ങയും തോമ്മസ് രണ്ട് മാങ്ങയും എടുത്തു. ശിഷ്ടം തട്ടത്തിലുള്ള മാങ്ങയെത്ര?

൪. എന്റെ പക്കൽ ആറ് നാരങ്ങയുണ്ട്. ഞാൻ ഒരു കുട്ടിക്ക് ഒന്നു വീതം അഞ്ചു കുട്ടികൾക്ക് നാരങ്ങ കൊടുക്കുന്നു. ശിഷ്ടം എന്റെ പക്കൽ എത്ര നാരങ്ങ കാണും?

൫. രാമനും കൃഷ്ണനും ഗോവിന്ദനും കൂടി ആറു മാമ്പഴം ഉണ്ട്. രാമന്റെ പക്കൽ രണ്ടും കൃഷ്ണന്റെ പക്കൽ രണ്ടും ഉണ്ടെങ്കിൽ ഗോവിന്ദന്റെ പക്കൽ ഉള്ള മാമ്പഴം എത്ര?

ആറു് എലി



ഒരു് എലി

ഏഴു് എലി

അഞ്ചു് എലി



രണ്ടു് എലി

എലി ഏഴു്

നാലു് മുയൽ



മൂന്നു് മുയൽ



ഏഴു് മുയൽ

അഭ്യാസം ൬

൧. ഒരു കലയിൽ ആറു് മാങ്ങയുണ്ടായിരുന്നു. രണ്ടെണ്ണം വീണുപോയി. ശേഷിപ്പു ആ കലയിൽ എത്ര മാങ്ങയുണ്ടു്?

൨. ആകെ ഉണ്ടായിരുന്നതിൽ എത്ര വീണിരുന്നാൽ ഒടുവിൽ ഒരു മാങ്ങ ശേഷിക്കും?

൩. ഒരു തട്ടത്തിൽ ആറു് മാങ്ങ ഉണ്ടായിരുന്നു. അതിൽ ജോൺ ഒരു മാങ്ങയും തോമ്മസ് രണ്ടു് മാങ്ങയും എടുത്തു. ശിഷ്ടം തട്ടത്തിലുള്ള മാങ്ങയെത്ര?

൪. എന്റെ പക്കൽ ആറു് നാരങ്ങയുണ്ടു്. ഞാൻ ഒരു കുട്ടിക്കു് ഒന്നു വീതം അഞ്ചു കുട്ടികൾക്കു് നാരങ്ങ കൊടുക്കുന്നു. ശിഷ്ടം എന്റെ പക്കൽ എത്ര നാരങ്ങ കാണും?

൫. രാമനും കൃഷ്ണനും ഗോവിന്ദനും കൂടി ആറു മാമ്പഴം ഉണ്ടു്. രാമന്റെ പക്കൽ രണ്ടും കൃഷ്ണന്റെ പക്കൽ രണ്ടും ഉണ്ടെങ്കിൽ, ഗോവിന്ദന്റെ പക്കൽ ഉള്ള മാമ്പഴം എത്ര?

ആറ് എലി



ഒരു് എലി



ഏഴു് എലി

അഞ്ചു് എലി



രണ്ടു് എലി



എലി ഏഴു്

നാലു് മുയൽ

മൂന്നു് മുയൽ

ഏഴു് മുയൽ

അഭ്യാസം ൯

൧. രാമന്റെ കൈയിൽ അഞ്ചും കൃഷ്ണന്റെ കൈയി ൽ രണ്ടും രൂപയുണ്ട്. രണ്ടുപേക്കും കൂടിയുള്ള രൂപയെത്ര?

൨. രാമൻ അവനുള്ളതിൽനിന്ന് മൂന്നു രൂപ കൃഷ്ണ ന് കൊടുക്കുന്നു. ഇപ്പോൾ കൃഷ്ണനുള്ളതെത്ര? രാമനുള്ളതെത്ര?

൩. രാമന് ആറും കൃഷ്ണന് അഞ്ചും രൂപയുണ്ട്. ഇ വർ ഓരോരുത്തരും ഗോവിന്ദന് രണ്ടു രൂപ വീതം കൊടുക്കുന്നു. പിന്നീട് രാമനും കൃഷ്ണ നും കൂടിയുള്ള രൂപയെത്ര?

൪. ഒരു കുട്ടിയുടെ പക്കൽ രണ്ടു രൂപയുണ്ട്. ആ കു ട്ടിയുടെ അച്ഛൻ അവന് അഞ്ചു രൂപ കൊടു ക്കുന്നു. ഇപ്പോൾ കുട്ടിയുടെ പക്കൽ ഉള്ള രൂ പയെത്ര?

൫. ഏഴു രൂപയിൽ എത്ര രൂപ എടുത്താൽ ശിഷ്ടം രണ്ടു രൂപയാകും?

൬. മൂന്നു രൂപയും എത്ര രൂപയും കൂടിയാൽ ഏഴ് രൂപ?

ഏഴു മാങ്ങ



ഒരു മാങ്ങ



എട്ടു മാങ്ങ

അഞ്ചു് പഴം



മൂന്നു് പഴം



എട്ടു പഴം

മാങ്ങ മൂന്നു്



മാങ്ങ അഞ്ചു്



മാങ്ങ എട്ടു്

അഭ്യാസം ൭

൧. അഞ്ചു് എരുമ, രണ്ടു് ആടു്, ഒരു പശു—എല്ലാം കൂടി നാല്ക്കാലി എത്ര?

൨. രാമൻെറ വലതുകൈയിൽ എത്ര വിരലുണ്ടു്? ഇടതുകൈയിലുള്ള എത്ര വിരൽ കൂടെ കൂട്ടിയാൽ എട്ടു് വിരലാകും?

൩. മാധവനു് അഞ്ചു മുണ്ടു് ഉണ്ടായിരുന്നു. മൂന്നെണ്ണം കൂടി അവനു് അവൻെറ അച്ഛൻ കൊടുത്തു. രണ്ടെണ്ണം കീറിപ്പോയി. ശിഷ്ടം അവനു് എത്ര മുണ്ടു് ഉണ്ടു്?

൪. രാമനു് അഞ്ചു പുസ്തകം ഉണ്ടായിരുന്നു. ഞാൻ ഒരു പുസ്തകം കൊടുത്തു. അവനു് ആകെ എട്ടു പുസ്തകം ആവശ്യമുണ്ടു്. അതിനു് ഇനി എത്ര പുസ്തകം കൂടി വേണം?

൫. എട്ടു കുട്ടികളിരുന്ന ഒരു ബെഞ്ചിൽനിന്നു് ആദ്യം രണ്ടു കുട്ടികൾ പോയി. പിന്നെ മൂന്നു കുട്ടികൾ പോയി. ഇപ്പോൾ ബെഞ്ചിൽ എത്ര കുട്ടികൾ ഉണ്ടു്?

൬. ഒരു കുട്ടി ആദ്യം രണ്ടു ഗോലി വാങ്ങിച്ചു. അതിൽ ഒന്നു് ഉടച്ചുകളഞ്ഞു. പിന്നെയും നാലു ഗോലി വാങ്ങിച്ചു. അതിലും ഒന്നു് ഉടച്ചു. ഒടുവിൽ രണ്ടു ഗോലി വാങ്ങിച്ചു് രണ്ടും ഉടച്ചു. ആകെ എത്ര ഗോലി വാങ്ങിച്ചു? എത്ര ഗോലി ഉടച്ചു?

പുള്ളി എട്ട് | പുള്ളി ഒന്ന്

● ● ● ●
● ● ● ● | ●

ഒമ്പതു് പുള്ളി

പുള്ളി മൂന്ന് | പുള്ളി മൂന്ന് | പുള്ളി മൂന്ന്

\+ + + | + + + | + + +

പുള്ളി ഒമ്പതു്

നാല് | അഞ്ച്

● ● ● ● | ● ● ● ● ●

പുള്ളി ഒമ്പതു്

പുള്ളി ഏഴ് | പുള്ളി രണ്ട്

○ ○ ○ ○ ○ ○ ○ | ○ ○

പുള്ളി ഒമ്പതു്

പുള്ളി നാല് | പുള്ളി മൂന്ന് | പുള്ളി രണ്ട്

● ● ● ● | ● ● ● | ● ●

ഒമ്പതു് പുള്ളി

ആറ് | മൂന്ന്

○ ○ ○ ○ ○ ○ | ○ ○ ○

ഒമ്പതു് പുള്ളി

അഭ്യാസം ൨

൧. എന്റെ വലത്തുകൈയിൽ അഞ്ചു പെൻസിലും ഇടത്തുകൈയിൽ നാലു പെൻസിലും ഉണ്ട്. ആകെ എനിക്കുള്ള പെൻസിലെത്ര?

൨. നാലു ചക്രത്തോട്ട് എത്ര ചക്രം കൂട്ടിയാൽ ഒൻപതു ചക്രമാകും?

൩. ഒരു കുട്ടിയുടെ ഇപ്പോഴത്തെ വയസ്സ് നാല്. വേറൊരു കുട്ടിക്കു് ഇപ്പോൾ മൂന്നു വയസ്സേ ആയിട്ടുള്ളു. ഒരു കൊല്ലം കഴിയുമ്പോൾ രണ്ടു കുട്ടികളുടെയും ആകെ വയസ്സ് എന്തായിരിക്കും?

൪. ഒരു കടലാസിൽ ഏഴ് പുള്ളിയുണ്ടായിരുന്നു. വേറെ രണ്ട് പുള്ളികൂടി ഞാൻ ഇട്ടു. അപ്പോൾ കടലാസിൽ ആകെ എത്ര പുള്ളിയുണ്ട്? ഇതിൽനിന്ന് പിന്നിട്ട് മൂന്ന് പുള്ളി മാച്ചുകളഞ്ഞാൽ പിന്നെ എത്ര പുള്ളി കാണും?

൫. ഒരു കുട്ടിയുടെ പക്കൽ ഒമ്പതു് ചക്രം ഉണ്ടായിരുന്നു. അവൻ അതിൽ രണ്ടു ചക്രത്തിന് മിട്ടായിയും, മൂന്നു ചക്രത്തിന് പഴവും, ഒരു ചക്രത്തിന് ഗോലിയും വാങ്ങിക്കുന്നു. ശിഷ്ടം എത്ര ചക്രം ഉണ്ട്?

൬. എന്റെ കൈയിൽ അഞ്ചു പെൻസിലുണ്ട്. മൂന്നു പെൻസിൽ വീതം മൂന്നു കുട്ടികൾക്കു് കൊടുക്കാൻ എത്ര പെൻസിൽ കൂടുതൽ വേണം?

൧
(ഒന്ന്)

൨
(രണ്ട്)

൩
(മൂന്ന്)

൪
(നാല്)

൫
(അഞ്ച്)

൬
(ആറ്)

൭
(ഏഴ്)

൮
(എട്ട്)

൯
(ഒൻപത്)

ഒന്നു കൂട്ടി എണ്ണുക	
ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട്, ഒൻപത്.	൧, ൨, ൩, ൪, ൫, ൬, ൭, ൮, ൯.
രണ്ടു കൂട്ടി എണ്ണുക	
ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒൻപത്;	൧, ൩, ൫, ൭, ൯;
രണ്ട്, നാല്, ആറ്, എട്ട്.	൨, ൪, ൬, ൮.
മൂന്നു കൂട്ടി എണ്ണുക	
ഒന്ന്, നാല്, ഏഴ്; രണ്ട്, അഞ്ച്, എട്ട്;	൧, ൪, ൭; ൨, ൫, ൮;
മൂന്ന്, ആറ്, ഒൻപത്.	൩, ൬, ൯.
നാലു കൂട്ടി എണ്ണുക	
ഒന്ന്, അഞ്ച്, ഒൻപത്;	൧, ൫, ൯;
രണ്ട്, ആറ്; മൂന്ന്, ഏഴ്;	൨, ൬; ൩, ൭;
നാല്, എട്ട്.	൪, ൮.
അഞ്ചു കൂട്ടി എണ്ണുക	
ഒന്ന്, ആറ്; രണ്ട്, ഏഴ്;	൧, ൬; ൨, ൭;
മൂന്ന്, എട്ട്; നാല്, ഒൻപത്.	൩, ൮; ൪, ൯.

<u>ഒന്നു</u> കുറച്ച് എണ്ണുക

ഒൻപതു്, എട്ടു്, ഏഴു്, ആറു്, അഞ്ചു്, നാലു്, മൂന്നു്, രണ്ടു്, ഒന്നു്.	൯, ൮, ൭, ൬, ൫, ൪, ൩, ൨, ൧.

<u>രണ്ടു</u> കുറച്ച് എണ്ണുക

ഒൻപതു്, ഏഴു്, അഞ്ചു്, മൂന്നു്, ഒന്നു്;	൯, ൭, ൫, ൩, ൧;
എട്ടു്, ആറു്, നാലു്, രണ്ടു്, പൂജ്യം.	൮, ൬, ൪, ൨, ൦.

<u>മൂന്നു</u> കുറച്ച് എണ്ണുക

ഒൻപതു്, ആറു്, മൂന്നു്, പൂജ്യം;	൯, ൬, ൩, ൦;
എട്ടു്, അഞ്ചു്, രണ്ടു്;	൮, ൫, ൨;
ഏഴു്, നാലു്, ഒന്നു്.	൭, ൪, ൧.

<u>നാലു</u> കുറച്ച് എണ്ണുക

ഒൻപതു്, അഞ്ചു്, ഒന്നു്,	൯, ൫, ൧;
എട്ടു്, നാലു്, പൂജ്യം.	൮, ൪, ൦.

<u>അഞ്ചു</u> കുറച്ചു എണ്ണുക

ഒൻപതു്, നാലു്.	൯, ൪;
എട്ടു്, മൂന്നു്.	൮, ൩.

അഭ്യാസം ൯

൧. മൂന്നു് കോഴിക്കു് കാലെത്ര ?

൨. രണ്ടു് ആടിനു് കാലെത്ര ?

൩. മൂന്നു് മനുഷ്യക്കു കണ്ണെത്ര ?

൪. നാലു് ആടിനു് കൊമ്പു് എത്ര ?

൫. രാമന്റെ വലത്തേ കാലിൽ വിരൽ എത്ര ?

൬. ഒരു മേശയ്ക്കും ഒരു കസാലയ്ക്കും കൂടി കാലെത്ര ?

൭. നിങ്ങളുടെ ക്ലാസിൽ ഒന്നാമത്തെ ബെഞ്ചിലുള്ള കുട്ടികൾ എത്ര ?

൮. മൂന്നു് കുട്ടികൾ ഉള്ള ഒരു കൂട്ടത്തിൽ കുറെ കുട്ടികൾ വന്നുചേൎന്നു. വേറെ രണ്ടു കുട്ടികൾ കൂടി വന്നാൽ ഒൻപതു് കുട്ടികൾ ആകും. വന്നുചേൎന്ന കുട്ടികൾ എത്ര ?

൯. ഒരു ബെഞ്ചിൽ നാലു കുട്ടികൾ ഇരിക്കുന്നുണ്ടു്. ഇനി എത്ര കുട്ടികൾ കൂടി വന്നാൽ ആകെ ഒൻപതു കുട്ടികളാകും ?

അഭ്യാസം ൧൦

൧. പശു ൧, കതിര ൨, ആട്ട് ൩; ആകെ നാല്ക്കാലി എത്ര?

൨. മാമ്പഴം ൨, ആപ്പിൾപഴം ൩, മാതളമ്പഴം ൪; ആകെ പഴം എത്ര?

൩. കറുത്ത ആട്ട് ൪, വെളുത്ത ആട്ട് ൨, ചുവന്ന ആട്ട് ൨; ആകെ ആട്ട് എത്ര?

൪. ൫ ബാലപാഠവും ഒരു കണക്കുപുസ്തകവും ഉണ്ട്. എത്ര പുസ്തകം കൂടെ ഉണ്ടായിരുന്നാൽ ആകെ ൯ പുസ്തകമാകും?

൫. രൂപ ൨, ചക്രം ൪, പണം ൧; ആകെ നാണയങ്ങളെത്ര?

൬. തെങ്ങ് ൪, കമുക് ൨, പ്ലാവ് ൧; ആകെ വൃക്ഷങ്ങളെത്ര?

൭. ചുവന്ന പെൻസിൽ ൧, പച്ചപെൻസിൽ അതിൽ ൨ കൂടുതൽ; ആകെ പെൻസിൽ എത്ര?

൮. ഭഗവതിയ്ക്കു് ചക്രം ൨, അതിൽ ൧ കൂടുതൽ കൃഷ്ണന്, അതിലും ൧ കൂടുതൽ ഗണപതിയ്ക്കു്; മൂന്നുപേൎക്കുംകൂടി ചക്രം എത്ര?

൯. ഒരു കുട്ടിയ്ക്കു് ൨ മാങ്ങയും വേറെയൊരു കുട്ടിയ്ക്കു് ൪ മാങ്ങയും കൊടുത്തു. ഇവർ രണ്ടുപേൎക്കും കൂടി കൊടുത്തതിൽ മൂന്നു കുറച്ചു മൂന്നാമനും കൊടുത്തു. മൂന്നു പേൎക്കുംകൂടി കൊടുത്ത മാങ്ങ എത്ര?

അഭ്യാസം ൧൧

എല്ലാംകൂടി എത്ര ?

(൧) ൧, ൨, ൫ ——————————വടി.

(൨) ൨, ൧, ൩, ൩ ——————————മരക്കഷണം.

(൩) ൧, ൨, ൩, ൨ ——————————ഗോലി.

(൪) ൨, ൫, ൧ ——————————തേങ്ങ.

(൫) ൩, ൧, ൨, ൨ ——————————പഴം.

(൬) ൧, ൧, ൧, ൨, ൨, ൨ ——————————പുസ്തകം.

(൭) ൨ + ൩ + ൪ = ?

(൮) ൧ + ൫ + ൨ = ?

(൯) ൪ + ൧ + ൩ = ?

(൧൦) ൨ + ൬ + ൧ = ?

അഭ്യാസം ൧൨

(൧) ഒരു പുരയിടത്തിൽ ൮ മരം ഉണ്ടു്. അതിൽ ആദ്യം ൪ മരവും, പിന്നെ ൩ മരവും മുറിച്ചു. പുരയിടത്തിൽ ഇപ്പോഴുള്ള മരം എത്ര?

(൨) ൯ കാക്ക ഒരു പുരപ്പുറത്തു് ഇരുന്നിരുന്നു. അതിൽ ആദ്യം ൧-ം, പിന്നെ ൩-ം പറന്നുപോയി. ഇപ്പോൾ ഇരിപ്പുള്ള കാക്ക എത്ര?

(൩) ൩, ൨ ഇവ കൂട്ടി ൯-ൽനിന്നു് കുറച്ചാൽ എന്തു് കിട്ടും?

(൪) ൨, ൫ ഇവ കൂട്ടി ൮-ൽനിന്നു കുറച്ചാൽ എന്തു് കിട്ടും?

(൫) ൧, ൨, ൩ ഇവ കൂട്ടി ൯-ൽനിന്നു് കുറച്ചാൽ എന്തു് കിട്ടും?

(൬) ൮-ൽനിന്നു് ൩ കുറച്ചു് പിന്നെ ൨ കുറയ്ക്കുക.

(൭) ൫-ൽനിന്നു് ൪ കുറച്ചു് ൮ കൂട്ടുക.

(൮) ൩-നോടു് ൫ കൂട്ടി ൪ കുറയ്ക്കുക.

(൯) ൭-ൽനിന്നു്, ൨-ം ൩-ം കൂട്ടിയ തുക കുറയ്ക്കുക.

(൧൦) ൪-ം, ൮-ം കൂട്ടിയ തുകയിൽനിന്നു് ൬ കുറയ്ക്കുക.

(൧൧) ൯-ൽനിന്നു് ൬ കുറച്ചു് ശിഷ്ടത്തിൽനിന്നു് ൨ കുറയ്ക്കുക.

(൧൨) ൨-ം, ൩-ം കൂടിയ തുക ൭-ൽനിന്നു് എത്ര കുറവു്?

(൧൩) ൮-നോടു എത്ര കൂട്ടിയാൽ ൯-ന്റു് അടുത്ത താഴ്ന്ന സംഖ്യ കിട്ടും?

(൧൪) ൭-ൽനിന്നു് ൬ കുറച്ചു് ൩ കൂട്ടുക.

(൧൫) ൧-ം, ൨-ം, ൩-ം കൂട്ടിയ തുകയിൽനിന്നു് എന്തു കുറച്ചാൽ ൪ കിട്ടും?

(൧൬) ൮-നോടു് ൨ കൂട്ടി ൪ കുറയ്ക്കുക.

പത്ത്

ഒൻപതു പുള്ളിയും ഒരു പുള്ളിയും



എട്ടു പുള്ളിയും രണ്ടു പുള്ളിയും



ഏഴു പുള്ളിയും മൂന്നു പുള്ളിയും



ആറു പുള്ളിയും നാലു പുള്ളിയും



അഞ്ചു പുള്ളിയും അഞ്ചു പുള്ളിയും



എന്റെ രണ്ടു കൈയിലുംകൂടി വിരൽ പത്ത്.

എന്റെ രണ്ടു കാലിലുംകൂടി വിരൽ പത്ത്.

പത്തെണ്ണം ഒരു കൂട്ടം.

പത്ത് അടങ്ങിയ ഒരു കൂട്ടം = ഒരു പത്ത്.

പത്തു മഞ്ചാടി ഒരു കിഴിയായി കെട്ടിയാൽ, കിഴി ഒന്ന്, ഒററ മഞ്ചാടി ഒന്നുമില്ല.

കിഴി ഇടതുവശം, ഒററ വലതുവശം.

പത്തു മഞ്ചാടി	
പത്തടങ്ങിയ ഒരു കൂട്ടം	ഒററ ഇല്ലാ
കിഴിയുടെ എണ്ണം ഒന്ന്	ഒററ പൂജ്യം
൧	0
൧0	

——:o:—— ——

പത്തു (൰) കിട്ടുന്നതിന്

൧-നോട്ടു് ചേൎക്കേണ്ടതു് ൯.	× × × × × × × × × ×
൨-നോട്ടു് ചേൎക്കേണ്ടതു് ൮.	× × × × × × × × × ×
൩-നോട്ടു് ചേൎക്കേണ്ടതു് ൭.	× × × × × × × × × ×
൪-നോട്ടു് ചേൎക്കേണ്ടതു് ൬.	× × × × × × × × × ×
൫-നോട്ടു് ചേൎക്കേണ്ടതു് ൫.	× × × × × × × × × ×
൬-നോട്ടു് ചേൎക്കേണ്ടതു് ൪.	× × × × × × × × × ×
൭-നോട്ടു് ചേൎക്കേണ്ടതു് ൩.	× × × × × × × × × ×
൮-നോട്ടു് ചേൎക്കേണ്ടതു് ൨.	× × × × × × × × × ×
൯-നോട്ടു് ചേൎക്കേണ്ടതു് ൧.	× × × × × × × × × ×

അഭ്യാസം ൧൩

(൧) രണ്ടു മാങ്ങയും എത്ര മാങ്ങയും കൂടിയാൽ ൧൦ മാങ്ങ?

(൨) നാലു പഴത്തിനോടു് എത്ര പഴം കൂട്ടിയാൽ ൧൦ പഴം?

(൩) ൩ പുസ്തകവും എത്ര പുസ്തകവും കൂട്ടിയാൽ ൧൦ പുസ്തകം?

(൪) ൭ നാരങ്ങയോടു് എത്ര നാരങ്ങ കൂട്ടിയാൽ ൧൦ നാരങ്ങ?

(൫) ൧൦ പെൻസിൽ ആകുന്നതിനു് ൪ പെൻസിലിനോടു എത്ര പെൻസിൽ കൂട്ടണം?

(൬) എന്റെ കൈവശം ൨ തേങ്ങയുണ്ടു്. ൧൦ തേങ്ങയാകുന്നതിനു് എത്ര തേങ്ങകൂടി വാങ്ങണം?

(൭) ഒരു കുട്ടിക്കു് ൧൦ പുസ്തകം വേണം. ൪ പുസ്തകം വാങ്ങിച്ചു കൊടുത്തു. ഇനിയും എത്ര പുസ്തകം വാങ്ങിക്കൊടുക്കണം?

(൮) രാമന്റെ കൈയിൽ ൩ ചക്രമുണ്ടു്. ൧൦ ചക്രമാകുന്നതിനു് എത്ര ചക്രം കൂടി വേണം?

(൯) ഞാൻ ഒരുത്തനു് ൧൦ രൂപ കൊടുക്കാനുണ്ടു്. ൨ രൂപ കൊടുത്തു. ഇനി എത്ര രൂപ കൊടുക്കണം?

———:o:———

പത്തു കൂടിയ ഒരു കൂട്ടവും ഒററ യായി ഒന്നുംകൂടി പത്തു്, ഒന്നു്: പതിനൊന്നു്.



൧ ൧

പത്തു കൂടിയ ഒരു കൂട്ടവും ഒററ യായി രണ്ടും കൂടി പത്തു്, രണ്ടു്: പന്ത്രണ്ടു്.



൧ ൨

പത്തും മൂന്നും = പതിമൂന്നു്.



൧ ൩

പത്തും നാലും = പതിന്നാലു്.



൧ ൪

പത്തും അഞ്ചും= പതിനഞ്ചു്.



൧ ൫

---:o:---

ഒരു പത്തും ആറും———പതിനാറ്——— ൧൬.

പത്തും ഏഴും ———പതിനേഴ്——— ൧൭.

പത്തും എട്ടും ———പതിനെട്ട്——— ൧൮.

പത്തും ഒമ്പതും———പത്തൊമ്പത്——— ൧൯.

ഒരു പത്തും പത്തും———ഒരു പത്തും ഇനിയൊരു

പത്തും—രണ്ട് പത്ത്–ഇ

രുപത് — ൨൦.

പത്തു മുതൽ ഇരുപതുവരെയുള്ള സംഖ്യ: ഒന്നുവീതം ക്രമേണ കൂ

ട്ടി കിട്ടിയത് :

പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന്, പതിനാല്,

പതിനഞ്ച്, പതിനാറ്, പതിനേഴ്, പതിനെട്ട്,

പത്തൊമ്പത്, ഇരുപത്.

൧൧, ൧൨, ൧൩, ൧൪, ൧൫, ൧൬, ൧൭, ൧൮, ൧൯, ൨൦.

പത്തിനോട്ട്

ഒന്നുവീതം ക്രമമായി കൂട്ടിയാൽ കിട്ടുന്നതു്

പത്ത്	ഒററ
൧	൧
൧	൨
൧	൩
൧	൪
൧	൫
൧	൬
൧	൭
൧	൮
൧	൯

	പത്ത്	ഒററ
രണ്ടുവീതം കൂട്ടിയാൽ	൧	൨
	൧	൪
	൧	൬
	൧	൮
മൂന്നുവീതം കൂട്ടിയാൽ	൧	൩
	൧	൬
	൧	൯
നാലുവീതം കൂട്ടിയാൽ	൧	൪
	൧	൮

പത്തടങ്ങിയ കിഴി, ഒററ.

ഒമ്പതും	,,	൯	പത്തടങ്ങിയ കിഴി ഒന്നു്, ഒററയില്ല.
ഒന്നും	,,	൧	
	൧	൦	

ഒമ്പതും	,,	൯	പത്തടങ്ങിയ കിഴി ഒന്നും ഒററ ഒന്നും.
രണ്ടും	,,	൨	
	൧	൧	

ഒമ്പതും മൂന്നും : കിഴി ഒന്നും ഒററ രണ്ടും : പന്ത്രണ്ട് : ൧൨.

ഒമ്പതും നാലും = പതിമൂന്ന് = ഒരു പത്തും മൂന്നും = ൧൩.

ഒമ്പതും അഞ്ചും = പതിനാല് = ഒരുപത്തും നാലും = ൧൪.

ഒമ്പതും ആറും = പതിനഞ്ച് = ഒരു പത്ത്, അഞ്ച് = ൧൫.

ഒമ്പതും ഏഴും = പതിനാറ് = പത്ത്, ആറ് = ൧൬.

ഒമ്പതും എട്ടും = പതിനേഴ് = ൧൭.

ഒമ്പതും ഒമ്പതും = പതിനെട്ട് = ൧൮.

തുടങ്ങി.	കൂട്ടി ക്രമമായി എണ്ണിയാൽ	ഫലം
൧	൨	൩, ൫, ൭, ൯, ൧൧, ൧൩, ൧൫, ൧൭, ൧൯.
൨	,,	൪, ൬, ൮, ൧൦, ൧൨, ൧൪, ൧൬, ൧൮.
൩	,,	൫, ൭, ൯, ൧൧........
൪	,,	൬, ൮, ൧൦, ൧൨.......
൫	,,	൭, ൯, ൧൧......
൧	൩	൪, ൭, ൧൦, ൧൩, ൧൬, ൧൯.
൨	,,	൫, ൮, ൧൧, ൧൪, ൧൭.
൩	,,	൬, ൯, ൧൨, ൧൫, ൧൮..
൪	,,	൭, ൧൦, ൧൩....
൫	,,	൮, ൧൧, ൧൪.....

തുടങ്ങി.	കൂട്ടി ക്രമമായി എണ്ണിയാൽ	ഫലം.
൧	൪	൫, ൯, ൧൩, ൧൭.
൨	,,	൬, ൧൦, ൧൪, ൧൮.
൩	,,	൭, ൧൧, ൧൫, ൧൯.
൪	,,	൮, ൧൨, ൧൬, ൨൦.
൫	,,	൯, ൧൩, ൧൭.

൧	൫	൬, ൧൧, ൧൬.
൨	,,	൭, ൧൨, ൧൭.
൩	,,	൮, ൧൩, ൧൮.
൪	,,	൯, ൧൪, ൧൯.
൫	,,	൧൦, ൧൫, ൨൦.

൧൮-ൽ നിന്നു ൯ എടുത്താൽ ശേഷിക്കുന്നതു ൯

൧൭-ൽ	,,	൯	,,	,,	൮
,,	,,	൮	,,	,,	൯
൧൬-ൽ	,,	൯	,,	,,	൭
,,	,,	൮	,,	,,	൮
,,	,,	൭	,,	,,	൯
൧൫-ൽ	,,	൯	,,	,,	൬
,,	,,	൮	,,	,,	൭
,,	,,	൭	,,	,,	൮
,,	,,	൬	,,	,,	൯
൧൪-ൽ	,,	൯	,,	,,	൫
,,	,,	൮	,,	,,	൬
,,	,,	൭	,,	,,	൭
,,	,,	൬	,,	,,	൮
,,	,,	൫	,,	,,	൯

൧൩-ൽ	നിന്നു	൯	എടുത്താൽ	ശേഷിക്കുന്നതു്	൪
,,	,,	൮	,,	,,	൫
,,	,,	൭	,,	,,	൬
,,	,,	൬	,,	,,	൭
,,	,,	൫	,,	,,	൮
,,	,,	൪	,,	,,	൯

൧൨-ൽ	,,	൯	,,	,,	൩
,,	,,	൮	,,	,,	൪
,,	,,	൭	,,	,,	൫
,,	,,	൬	,,	,,	൬
,,	,,	൫	,,	,,	൭
,,	,,	൪	,,	,,	൮
,,	,,	൩	,,	,,	൯

൧൧-ൽ	,,	൯	,,	,,	൨
,,	,,	൮	,,	,,	൩
,,	,,	൭	,,	,,	൪
,,	,,	൬	,,	,,	൫
,,	,,	൫	,,	,,	൬
,,	,,	൪	,,	,,	൭
,,	,,	൩	,,	,,	൮
,,	,,	൨	,,	,,	൯

അഭ്യാസം ൧൪

൧. ആദ്യം ൨ കുതിരയും പിന്നെ ൭ കുതിരയും ഒരാൾ വാങ്ങിച്ചാൽ ആകെ വാങ്ങിച്ച കുതിരയെത്ര?

൨. ഒമ്പതു് കുട്ടികളുള്ള ഒരു ക്ലാസിൽ നാലു കുട്ടികൾ കൂടി ചേൎന്നാൽ ആകെ ആ ക്ലാസിൽ കുട്ടികളെത്ര?

൩. ൭ മാമ്പഴം ആദ്യം കിട്ടിയ ഒരു കുട്ടിക്കു് വീണ്ടും ൯ മാമ്പഴം കിട്ടിയാൽ അവനു് ആകെ എത്ര മാമ്പഴം കിട്ടി?

൪. ൧൦ കിളികളിൽ ൨ എണ്ണം പറന്നുപോയതിൽ പിന്നെ ഇരിപ്പുള്ള കിളികളെത്ര?

൫. ൧൨ കാളകളുണ്ടായിരുന്ന ഒരു തൊഴുത്തിൽനിന്നു് ൯ എണ്ണം വിററാൽ ശേഷിപ്പുള്ള കാളകളെത്ര?

൬. ഒരു കുളം കുഴിക്കാൻ ൧൩ വേലക്കാർ ആദ്യത്തെ ദിവസം ഉണ്ടായിരുന്നു. അതിൽ ൭ വേലക്കാർ അടുത്തദിവസം വന്നില്ല. എന്നാൽ രണ്ടാം ദിവസം വേല ചെയ്ത ആളുകളെത്ര?

		പത്തു	ഒററ.
***** ***** ***** *****	രണ്ടു പത്തു്: ഇരുപതു്. പത്തിൻ കൂട്ടം രണ്ടു്, ഒററ ഇല്ലാ.	൨	0
***** ***** ***** ***** ***** *****	മൂന്നു പത്തു്: മുപ്പതു്. പത്തു മൂന്നു്, ഒററ പൂജ്യം	൩	0
***** ***** ***** ***** ***** ***** ***** *****	നാലു പത്തു്: നാല്പതു്. പത്തു നാലു്, ഒററ പൂജ്യം.	൪	0
***** ***** ***** ***** ***** ***** ***** ***** ***** *****	അഞ്ചു പത്തു്: അൻപതു്. പത്തു് അഞ്ചു്, ഒററ പൂജ്യം.	൫	0
***** ***** ***** ***** ***** ***** ***** ***** ***** ***** ***** *****	ആറു പത്തു്: അറുപതു്. പത്തു് ആറു്, ഒററ പൂജ്യം.	൬	0

		പത്തു്	ഒററ
***** ***** ***** ***** ***** ***** ***** ***** ***** ***** ***** ***** ***** *****	ഏഴു പത്തു്: എഴുപതു്. പത്തു് ഏഴു്, ഒററ പൂജ്യം.	൭	൦
***** ***** ***** ***** ***** ***** ***** ***** ***** ***** ***** ***** ***** ***** ***** *****	എട്ടു പത്തു്: എൺപതു്. പത്തു് എട്ടു്, ഒററ പൂജ്യം.	൮	൦
***** ***** ***** ***** ***** ***** ***** ***** ***** ***** ***** ***** ***** ***** ***** ***** ***** *****	ഒൻപതു പത്തു്: തൊണ്ണൂറു. പത്തു് ഒൻപതു്, ഒററ പൂജ്യം.	൯	൦

അഭ്യാസം ൧൫

൧. ഒരു കലയിൽ ഉള്ള തേങ്ങ പത്തു്. ൫ കലയിലുള്ള തേങ്ങയെത്ര?

൨. ഒരു പടലയിൽ ൧൦ പഴം ഉണ്ടു്. മൂന്നു് പടലയിൽ എത്ര പഴം ഉണ്ടു്?

൩. ഒരു ആളുടെ രണ്ടു കൈയിലും കൂടിയുള്ള വിരൽ പത്തു്. ൭ ആളുകളുടെ കൈകളിലുള്ള വിരലുകൾ എത്ര?

൪. പത്തു് ആന കൂടുന്നതു് ൧ കൂട്ടം. ൮ കൂട്ടത്തിൽ എത്ര ആന?

൫. ഒരു ബെഞ്ചിൽ ൧൦ കുട്ടികൾക്കു് ഇരിക്കാം. നാലു് ബെഞ്ചിൽ എത്ര കുട്ടികൾക്കു് ഇരിക്കാം?

൬. ഒരു പണത്തിനു് ൧൦ നാരങ്ങ കിട്ടും. ൯ പണത്തിനു് കിട്ടുന്ന നാരങ്ങ എത്ര?

൭. ൧൦ വിറകുകമ്പു കൂടിയാൽ ഒരു കെട്ടാകും. ആറു കെട്ടിൽ എത്ര വിറകുകമ്പു കാണും?

൮. ഒരു ആടിനു് ൧൦ രൂപാ വില. ൭ ആടിന്റെ വില എത്ര രൂപാ?

ഇരുപതു് = രണ്ടു് പത്തു മാത്രം = പത്തിൻ കൂട്ടം രണ്ടു മാത്രം = ൨൦.

ഒന്നു കൂടി കൂട്ടിയാൽ ആകെ രണ്ടു പത്തും ഒരു ഒററയും = ഇരുപത്തൊന്നു് = ൨൧.

ഒന്നുകൂടി കൂട്ടിയാൽ ആകെ രണ്ടു പത്തും രണ്ടു് ഒററയും = ഇരുപത്തിരണ്ടു് = ൨൨.

ഇനിയും ഒന്നു കൂട്ടിയാൽ ആകെ രണ്ടു പത്തും മൂന്നു് ഒററയും = ഇരുപത്തിമൂന്നു് = ൨൩.

രണ്ടു പത്തും നാലും = ഇരുപത്തിനാലു് = ൨൪.

രണ്ടു പത്തും അഞ്ചും = ഇരുപത്തി അഞ്ചു് = ൨൫.

രണ്ടു പത്തും ആറും = ഇരുപത്തി ആറു് = ൨൬.

രണ്ടു പത്തും ഏഴും = ഇരുപത്തി ഏഴു് = ൨൭.

രണ്ടു പത്തും എട്ടും = ഇരുപത്തി എട്ടു് = ൨൮.

രണ്ടു പത്തും ഒൻപതും = ഇരുപത്തി ഒൻപതു് = ൨൯.

രണ്ടു പത്തും ഒൻപതും ഒന്നും = പത്തിൻ കൂട്ടം ൨ + പത്തിൻ കൂട്ടം ൧.

= പത്തിൻ കൂട്ടം ൩.

= ൩ പത്ത് + ഒററയില്ല=൩൦.

മുപ്പതിനോട് ഒന്നു വീതം കൂട്ടിയാൽ മുപ്പത്തിഒന്ന് (൩൧), മുപ്പത്തിരണ്ട് (൩൨), മുപ്പത്തിമൂന്ന് (൩൩), മുപ്പത്തിനാല് (൩൪), മുപ്പത്തഞ്ച് (൩൫), മുപ്പത്താറ് (൩൬), മുപ്പത്തേഴ് (൩൭), മുപ്പത്തെട്ട് (൩൮), മുപ്പത്തൊൻപത്ത് (൩൯).

പത്തുവീതമടങ്ങിയ മഞ്ചാടിക്കിഴി മൂന്നും ഒററ മഞ്ചാടി രണ്ടും = ൩൨.

ഇതിനോട് ഒററ മഞ്ചാടി എട്ടു ചേർക്കക ——— ൮.

അപ്പോൾ ഒററ മഞ്ചാടി രണ്ടും എട്ടും ചേൎന്ന് പത്ത് = ഒരു കിഴി.

അതായത്ത്, ആകെ കിഴി (പത്തിന്റെ കൂട്ടം) മൂന്നും ഒന്നും = ൪ പത്ത് = ൪൦.

നാലു പത്തും ഒന്നും	= നാല്പത്തൊന്നു്	= ൪൧.
നാലു പത്തും അഞ്ചും	= നാല്പത്തഞ്ചു്	= ൪൫.
നാലു പത്തും ഒൻപതും	= നാല്പത്തൊൻപതു്	= ൪൯.
അഞ്ചു പത്തും പൂജ്യം ഒററയും	= അൻപതു്	= ൫൦.
അഞ്ചു പത്തും ഏഴും	= അൻപത്തേഴു്	= ൫൭.
അഞ്ചു പത്തും ഒൻപതും	= അൻപത്തൊൻപതു്	= ൫൯.
ആറു പത്തും മൂന്നും	= അറുപത്തിമൂന്നു്	= ൬൩.
ആറു പത്തും ഒൻപതും	= അറുപത്തി ഒൻപതു്	= ൬൯.
ഏഴു പത്തും രണ്ടും	= എഴുപത്തിരണ്ടു്	= ൭൨.
എട്ടു പത്തും ഒൻപതും	= എണ്പത്തിയൊൻപതു്	= ൮൯.
ഒൻപതു പത്തും ആറും	= തൊണ്ണൂററി ആറു്	= ൯൬.
ഒൻപതു പത്തും ഒൻപതും	= തൊണ്ണൂററി ഒൻപതു്	= ൯൯.

അഭ്യാസം ൧൬

ഒരു കിഴിയിൽ പത്തു രൂപയുണ്ടു്.

(൧) ൩ കിഴി ൪ രൂപ —— ആകെ രൂപയെത്ര ?

(൨) ൬ കിഴി ൫ രൂപ ———— ടി ?

(൩) ൫ കിഴി ൩ രൂപ ———— ടി ?

ഒരു കൂട്ടത്തിൽ പത്തു ആനയുണ്ടു്.

(൪) ൯ കൂട്ടം, ൨ ആന —— ആകെ ആനയെത്ര ?

(൫) ൭ കൂട്ടം, ൪ ആന ———— ടി ?

(൬) ൨ കൂട്ടം, മാത്രം ———— ടി ?

(൭) ൫ കൂട്ടം, മാത്രം ———— ടി ?

(൮) ൬ കൂട്ടം, ൭ ആന ———— ടി ?

ഒരു കുലയിൽ പത്തു മാങ്ങയുണ്ടു്.

(൯) ൪ കുല, ൨ മാങ്ങ —— ആകെ മാങ്ങയെത്ര ?

(൧൦) ൭ കുല, ൬ മാങ്ങ ———— ടി ?

(൧൧) ൮ കുല, ൭ മാങ്ങ ———— ടി ?

(൧൨) ൯ കുല, ൯ മാങ്ങ ———— ടി ?

അക്കത്തിലെഴുതുക.

(൧൩) നാല്പത്താറ്. (൧൪) മുപ്പത്തേഴ്. (൧൫) തൊണ്ണൂറ്. (൧൬) മുപ്പത്തിരണ്ട്. (൧൭) അറുപത്തിയൊൻപത്. (൧൮) എഴുപത്. (൧൯) എൺപത്താറ്. (൨൦) തൊണ്ണൂറ്റൊൻപത്.

അക്ഷരത്തിലെഴുതുക.

(൨൧) ൨൬. (൨൨) ൩൭. (൨൩) ൭൪. (൨൪) ൪൯. (൨൫) ൫൩. (൨൬) ൬൫. (൨൭) ൭൯. (൨൮) ൮൩. (൨൯) ൯൩. (൩൦) ൯൮.

പത്തും ഒററയും എത്രയെന്ന് പ്രത്യേകം പറയുക.

(൩൧) ൭൩. (൩൨) ൮൪. (൩൩) ൯൨. (൩൪) ൬൭. (൩൫) ൫൯. (൩൬) ൨൫. (൩൭) ൬൪. (൩൮) ൧൨. (൩൯) അൻപത്തൊന്ന്. (൪൦) ഇരുപത്തെട്ട്. (൪൧) മുപ്പത്. (൪൨) എൺപത്തിരണ്ട്. (൪൩) തൊണ്ണൂറ്റിയേഴ്.

ന്ന	+	ച	=	ച്യ
പന്ന	+	ച	=	പച്യ
ചന്ന	+	ച	=	ചച്യ
നന്ന	+	ച	=	നച്യ
ദന്ന	+	ച	=	ദച്യ
൭ന്ന	+	ച	=	൭ച്യ

൭	+	ച	=	ൻ
പ൭	+	ച	=	പൻ
ച൭	+	ച	=	ചൻ
ദ൭	+	ച	=	ദൻ
ന്ന൭	+	ച	=	ന്നൻ

ദ	+	ര	=	ൻ
പദ	+	ര	=	പൻ
ചദ	+	ര	=	ചൻ
ദദ	+	ര	=	ദൻ
൭ദ	+	ര	=	൭ൻ
ൻദ	+	ര	=	ൻൻ

ര	+	ന	=	൭
പര	+	ന	=	പ൭
ചര	+	ന	=	ച൭
ദര	+	ന	=	ദ൭
ച്യര	+	ന	=	ച്യ൭
ൻര	+	ന	=	ൻ൭

ന	+	ദ	=	ച്യ
പന	+	ദ	=	പച്യ
ചന	+	ദ	=	ചച്യ
ച്യന	+	ദ	=	ച്യച്യ
ൻന	+	ദ	=	ൻച്യ

ച	+	ദ	=	൭
പച	+	ദ	=	പ൭
നച	+	ദ	=	ന൭
ന്നച	+	ദ	=	ന്ന൭
ച്യച	+	ദ	=	ച്യ൭

പത്തു് അടങ്ങിയ മൂന്നു കിഴിയും രണ്ടു കിഴിയും കൂടി

അഞ്ചു കിഴി; അഞ്ചു പത്തു് = ൫൦.

൪൦ + ൨൦ = ൪ പത്തു് + ൨ പത്തു്

= ൬ പത്തു് = ൬൦.

അഭ്യാസം ൧൭

(൧) അഞ്ചു പത്തും രണ്ടു പത്തും കൂടിയാൽ എത്ര?

(൨) ൭ പത്തും ൨ പത്തും കൂടിയാലെത്ര?

(൩) ൧ പത്തു്, ൨ പത്തു്, ൩ പത്തു് ഇവ മൂന്നും കൂടിയാൽ എത്ര പത്തു്?

(൪) ൭൦ + ൧൦; എത്ര?

(൫) ൨൦ + ൩൦ + ൪൦; എത്ര?

ഇരുപത്തിനാലും മുപ്പതും = പത്തിൻ കൂട്ടം രണ്ടു്, ഒററ നാലു് + പത്തിൻകൂട്ടം മൂന്നു് = അഞ്ചു പത്തും നാലും = ൫൪.

൭൫ + ൨൦ = ൭ പത്തും ൫ ഒററയും + ൨ പത്തു്.

= ൯ പത്തും ൫ ഒററയും

= ൯൫.

അഭ്യാസം ൧൮

(൧) ൫ പത്തു് ൭ ഒററ + ൪ പത്തു്; എത്ര?

(൨) ൫൪ ഗോലിയും ൨൦ ഗോലിയും കൂടിയാലെത്ര?

(൩) ൩൭ പെൻസിലും ൧൦ പെൻസിലും കൂടിയാലെത്ര?

(൪) ൧൭ ചക്രവും ൧൦ ചക്രവും കൂടിയാലെത്ര?

(൫) ൬൪ ദിവസവും ൩൦ ദിവസവും കൂടിയാലെത്ര ദിവസം?

പത്തു് അടങ്ങിയ കൂട്ടം മൂന്നും
ഒററ രണ്ടും = മുപ്പത്തിരണ്ടു്

പത്തു അടങ്ങിയ കൂട്ടം നാലും
ഒററ ആറും = നാല്പത്താറു്

ആകെ: ഏഴു പത്തു്, എട്ടു്
ഒററ.

പത്തു	ഒററ
൩	൨
൪	൬
൭	൮

ക്രിയ ചെയ്യേണ്ട വിധം

മുപ്പത്തിരണ്ടും നാല്പതും : എഴുപത്തിരണ്ടു്
എഴുപത്തിരണ്ടും ആറും : എഴുപത്തെട്ടു്.

അഭ്യാസം ൧൯

൧. ൨൪ മാങ്ങയും ൧൨ മാങ്ങയും കൂടിയാലെത്ര?
൨. ൩൩ ഗോലിയും ൧൫ ഗോലിയും കൂടിയാലെത്ര ?
൩. ൨൫ പന്തും ൧൪ പന്തും കൂടിയാലെത്ര പന്തു് ?
൪. ൬൬ + ൨൨ ; എത്ര ?

മുപ്പത്താറും അൻപത്തിനാലും
= മൂന്നു പത്തും ആറും + അ
ഞ്ചു പത്തും നാലും
= പത്തിൻ കൂട്ടം എട്ട് + ഒ
ററ പത്ത്
= പത്തിൻ കൂട്ടം എട്ട് + പ
ത്തിൻ കൂട്ടം ഒന്ന്
= പത്തിൻകൂട്ടം ഒൻപതു
= ൯ പത്തു = ൯൦

പത്ത്	ഒററ
൩	൬
൫	൪
൮	൧൦
൮ + ൧	൦
൯	൦
൯൦	

ക്രിയ ചെയ്യേണ്ട വിധം
മുപ്പത്താറും അൻപതും : എൺപത്താറ്,
എൺപത്താറും നാലും : തൊണ്ണൂറ്
ഇരുപത്തിമൂന്നും നാല്പത്തിഏഴും കൂട്ടുന്നതിന്.
ഇരുപത്തിമൂന്നും നാല്പതും : അറുപത്തിമൂന്ന് ;
അറുപത്തിമൂന്നും ഏഴും : എഴുപത്.

അഭ്യാസം ൨൦

൧. ൨൭ ഒററയും ൪൩ ഒററയും കൂടിയാലെത്ര ?
൨. ൫൪ ഒററയും ൨൬ ഒററയും കൂടിയാലെത്ര ?
൩. ൭൩ + ൧൭ ; എത്ര ?
൪. ൨൪ + ൨൬ ; എത്ര ?

പതിനേഴും ആറും = പത്തും ഏഴും ആറും
= പത്തും പതിമൂന്നും
= പത്തും പത്തും മൂന്നും
= രണ്ടുപത്തും മൂന്നും
= ഇരുപത്തിമൂന്ന് = ൨൩.

ഇരുപത്തേഴും എട്ടും = രണ്ടു പത്തും ഏഴും എട്ടും
= രണ്ടു പത്തും പതിനഞ്ചും
= രണ്ടു പത്തും ഒരു പത്തും അഞ്ചും
= മൂന്നു പത്തും അഞ്ചും
= മുപ്പത്തഞ്ച് = ൩൫.

മുപ്പത്തിനാലും ഒൻപതും = ൩൪ + ൯
= (൩൦ + ൪) + ൯
= ൩൦ + (൪ + ൯)
= ൩൦ + ൧൩ = ൩൦ + (൧൦ + ൩)
= ൪൦ + ൩ = ൪൩.

അഭ്യാസം ൨൧

൧. അഞ്ചു പത്തും പതിമൂന്നും കൂടിയാലെത്ര?

൨. ഇരുപത്തഞ്ചും പതിന്നാലും എത്ര?

൩. ൩ പത്തിൻകൂട്ടം, ൪ ഒററ, ൬ ഒററ എല്ലാം കൂടി എത്ര?

൪. ൪ പത്തു് ൫; ൩ പത്തു ൨; രണ്ടുംകൂടിയെത്ര?

൫. എഴുപത്താറും പതിന്നാലും കൂടിയാലെന്തു്?

൬. മുപ്പത്താറു് ഒററയും ഇരുപത്തിനാലു് ഒററയും കൂടിയെത്ര?

൭. ൨൭ ഒററയേയും ൩ ഒററയേയും കൂട്ടുക.

൮. ൨൪ + ൧൨ + ൩൩; എത്ര?

൯. ൧൨ + ൬൧ + ൨൦ + ൩൧; എത്ര?

൧൦. ൧൫ + ൨൧ + ൩൨ + ൨൦; എത്ര പത്തു്, എത്ര ഒററ?

൧൧. ൨ പത്തും ൪ ഒററയും ൩ ഒററയും കൂടി എത്ര ?

൧൨. ൭ പത്തും ൫ ഒററയും ൪ ഒററയും കൂടി എത്ര ?

൧൩. ൨ പത്തു് ൮ ഒററ ഉള്ളതിനോട്ടു് എത്ര ഒററ ചേ ർത്താൽ ൩ പത്തു കിട്ടും ?

൧൪. ൫ പത്തും ൪ ഒററയും എത്ര ഒററയും കൂടിയാൽ ൬ പത്താകും ?

൧൫. ൪൩ ഒററയും എത്ര ഒററയും കൂടിയാൽ അൻപതാകും ?

൧൬. ൨൪ ഒററയും എത്ര ഒററയും കൂടിയാൽ ൩ പത്തു് ആകും ?

൧൭. ൮ പത്തും രണ്ടും ഏഴും കൂടിയെത്ര ?

൧൮. ൩൬-നോട്ടു് ൪ ഒററ കൂടിയാൽ എത്ര പത്തു് ?

൧൯. ൫൩-നോട്ടു് ൭ കൂട്ടിയാൽ എന്തു കിട്ടും ?

൨൦. ൯ പത്തു് കിട്ടാൻ, ൮ പത്തു് ഉണ്ടെങ്കിൽ എത്ര ഒററ വേണം ?

ഇരുപത്തേഴും അറുപത്തൊൻപതും എത്ര?

ഇരുപത്തേഴ് = രണ്ടു പത്തു്, ഏഴ് ഒററ.

അറുപത്തൊൻപത് = ആറു പത്തു്, ഒൻപതു് ഒററ.

ആകെ { പത്തുവിതമടങ്ങിയ കിഴി = എട്ടു്. ഒററ = പതിനാറു

പതിനാറ് ഒററയിൽ ഒരു പത്തു അടങ്ങിയ കിഴി: ഒന്നു്.

അപ്പോൾ ആകെ പത്തിൻകൂട്ടം: ഒമ്പതു്.

ശേഷിച്ച ഒററ ആറ്.

ആകെ തുക = ഒൻപതു പത്തു്, ആറു ഒററ.

ഒൻപതു പത്തും ആറ് ഒററയും കൂടിയ തുക = തൊണ്ണൂററാറ്.

പത്തു്	ഒററ
൨	൭
൬	൯
൮	൧൬
൧	
൮+൧	൬
൯	൬
൯൬	

ക്രിയ ചെയ്യേണ്ട വിധം

ഇരുപത്തേഴും അറുപതും: എൺപത്തേഴ്;

എൺപത്തേഴും ഒൻപതും: തൊണ്ണൂററാറ്.

(എ) ൨൪ + ൩൭ + ൧൬ —— എന്തു്?

	പത്തു്	ഒററ
൨൪ =	൨	൪
൩൭ =	൩	൭
൧൬ =	൧	൬
	൬	൧൭
അതുകൊണ്ടു് ൨൪ + ൩൭ + ൧൬ =	൭	൭
	൭൭	

(ബി) ൨൬, ൩൩, ൧൮, ൧൫ ഇവയുടെ തുക എന്തു്?

പത്തുകളുടെ കൂട്ടം = ൨ + ൩ + ൧ + ൧ = ൭.

ഒററകളുടെ എണ്ണം = ൬, ൩, ൮, ൫ ഇവയുടെ തുക; അതായതു്, ൬ + ൩ = ൯; ൯ + ൮ = ൧൭; ൧൭ + ൫ = ൨൨.

൨൨ ഒററ = ൨ പത്തു്, ൨ ഒററ.

പത്തുകളും ഒററകളും കൂട്ടിയാൽ കിട്ടുന്നതു് = ൭ പത്തു് + ൨ പത്തു + ൨ ഒററ = ൯ പത്തു + ൨ ഒററ = ൯൨.

ക്രിയ ചെയ്യേണ്ട വിധം.

ഇടത്തെ സംഖ്യ മുതൽ ഓരോ പത്തിൻകൂട്ടവും ഒററയും പ്രത്യേകം കൂട്ടിയാൽ,

ഇരുപത്താറും മുപ്പതും: അൻപത്താറു്; മൂന്നും: അൻപത്തൊൻപതു്;

അൻപത്തൊൻപതും പത്തും: അറുപത്തൊൻപതു്; എട്ടും: എഴുപത്തേഴു്;

എഴുപത്തേഴും പത്തും: എൺപത്തേഴു്; അഞ്ചും: തൊണ്ണൂററിരണ്ടു്.

അഭ്യാസം ൨൨

൧. പതിനേഴും അറുപത്തൊൻപതും കൂടിയാലെത്ര?

൨. ൨൬, ൩൫ ഇവയുടെ തുകയെന്തു്?

൩. ൫ പത്തും ൪ ഒററയും, ൨ പത്തും ൯ ഒററയും കൂടിയാലെത്ര?

൪. ൩൮ ഒററ ൪൫ ഒററ ഇവ രണ്ടിലും കൂടി ഒററയെത്ര?

൫. ൧൬, ൨൩, ൫൧ ഇവയുടെ തുകയിൽ എത്ര പത്തുണ്ടു്? എത്ര ഒററയുണ്ടു്?

൬. ൨൬, ൧൪, ൪൭ ഇവയുടെ തുകയെന്തു്?

൭. ൪൫, ൨൭, ൧൮ ഇവയിൽ ആകെ എത്ര പത്തും എത്ര ഒററയും ഉണ്ടു്?

൮. ൨ പത്തും, ൫ ഒററയും; ൩ പത്തും ൯ ഒററയും കൂടിയാൽ എന്തു്?

൯. ൩൧ ഒററ, ൨൬ ഒററ, ൨൮ ഒററ ഇവയിൽ ആകെ എത്ര പത്തു്? എത്ര ഒററ?

ഖണ്ഡം വരച്ചു പത്തുകളുടേയും ഒററകളുടേയും തുക പ്രത്യേകം കാണിച്ചു കൂട്ടുക:—

൧൦. ൩൧, ൨൬, ൧൯.

൧൧. ൧൨, ൨൪, ൨൧, ൧൩.

൧൨. ൧൮, ൨൯, ൩൭, ൧൨.

൧൩. ഇരുപത്തഞ്ചും പത്തും നാലും മൂന്നും എത്ര?

൧൪. ൧൫-നോടു ആദ്യം ൨൪ കൂട്ടി പിന്നെ ൩൭ കൂട്ടുക.

൧൫. ൧൮ നോടു ആദ്യം ൨൩ കൂട്ടി പിന്നെ ൪൨ കൂട്ടുക.

൧൬. ൨൭-നോടു ൩൭ കൂട്ടി കിട്ടുന്ന തുകയിൽ എത്ര കൂട്ടിയാൽ അടുത്ത പത്തിന്റെ കൂട്ടം കിട്ടും?

൧൭. ൧൩ മുതൽ അഞ്ചു വീതം കൂട്ടി കഴിയുന്നിടത്തോളം എണ്ണുക.

൧൮. ൮ മുതൽ ആറു വീതം കൂട്ടി ൭൪ വരെ എണ്ണുക.

× ● ● ●	വ്വ - വ = ന്ന
× ● ● ●	നവ്വ - വ = നന്ന
	രവ്വ - വ = രന്ന
	൭വ്വ - വ = ൭ന്ന
	ൻവ്വ - വ = ൻന്ന
	ൻ - ൫ = ര
× × × × ×	വൻ - ൫ = വര
● ● ● ●	രൻ - ൫ = രര
	൭ൻ - ൫ = ൭ര
	ൻൻ - ൫ = ൻര
	൫ - ന = വ
× × ×	വ൫ - ന = വവ
● ●	ര൫ - ന = രവ
	വ്വ൫ - ന = വ്വവ
	ന്ന൫ - ന = ന്നവ
	൭ - ര = ന
× × × ×	വ൭ - ര = വന
● ● ●	ന൭ - ര = നന
	൫൭ - ര = ൫ന
	ൻ൭ - ര = ൻന
	ന്ന - ൫ = ഫ
× × × × × ●	വന്ന - ൫ = വഫ
	൭ന്ന - ൫ = ൭ഫ
	വ്വന്ന - ൫ = വ്വഫ
	ൻന്ന - ൫ = ൻഫ

പത്തുവീതമടങ്ങിയ അഞ്ചു കിഴിയിൽനിന്നു് രണ്ടു കിഴി എടുത്താൽ ശിഷ്ടം കിഴി മൂന്നു്.

൫ പത്തിൽ ൨ പത്തു പോയാൽ ശിഷ്ടം ൩ പത്തു്.

൭ പത്തിൽ ൩ പത്തു പോയാൽ ശിഷ്ടം ൪ പത്തു് = ൪൦.

൮൦ — ൬൦ = ൨ പത്തു് = ൨൦.

അഭ്യാസം ൨൩

൧. പത്തു വീതമടങ്ങിയ എട്ടു കിഴിയിൽനിന്നു് മൂന്നു് കിഴി എടുത്താൽ ശിഷ്ടം കിഴി എത്ര?

൨. ൮ പത്തിൽനിന്നു് ൬ പത്തു് എടുത്താൽ ശിഷ്ടം എത്ര പത്തു്?

൩. ൫ പത്തിൽനിന്നു് ൨ പത്തു് എടുത്താൽ ശിഷ്ടം എത്ര ഒററ?

൪. ൭ പത്തിൽനിന്നു് എത്ര പത്തു് എടുത്താൽ ശിഷ്ടം ൩ പത്തു് കാണും?

൫. ൨൦ — ൧൦ ; എന്തു്?

൬. ൯൦—൭൦ ; എന്തു്?

൫൬-ൽനിന്ന് ൨൦ എടുക്കുക.

൫൬ = ൫ പത്തും ൬ ഒററയും.

൨൦ = ൨ പത്തും പൂജ്യം ഒററയും

൫ പത്തിൽ ൨ പത്തു പോയാൽ ൩ പത്തു.

൬ ഒററയിൽനിന്നു ഒററയെടുക്കണ്ടാ. ശിഷ്ടത്തിൽ ൬ ഒററ.

൫ പത്തും ൬ ഒററയും അടങ്ങിയ സംഖ്യയിൽനിന്ന് ൨ പത്തു പോയാൽ ൩ പത്തും ആറ് ഒററയും.

പത്തു	ഒററ
൫	൬
൨	൦
൩	
	൬
൩	൬
൩൬	

അഭ്യാസം ൨൪

൧. ൭ പത്തും ൬ ഒററയും അടങ്ങിയ സംഖ്യയിൽനിന്ന് ൩ പത്ത് എടുത്തു. ശിഷ്ടമെത്ര?

൨. ൪ പത്തും ൯ ഒററയും അടങ്ങിയ സംഖ്യയിൽനിന്ന് ൩ പത്ത് എടുത്താൽ ശിഷ്ടമെത്ര?

൩. ഒരു കുട്ടിയുടെ പക്കൽ ൨൬ ചക്രം ഉണ്ടായിരുന്നു. അവൻ ൨൦ ചക്രം വേറൊരു കുട്ടിക്കു കൊടുത്തു. ശിഷ്ടം എത്ര ചക്രം അവന്റെ പക്കൽ ഉണ്ട് ?

൪. ൯൭-ൽനിന്ന് ൩൦ എടുത്താൽ ശിഷ്ടമെന്ത്?

൫. ൬൯—൪൦ ; എത്ര?

൨൭ - ൩ = ൨ പത്തു് + (൭ - ൩) ഒററ

= ൨ പത്തു്, ൪ ഒററ = ൨൪.

൪൫ - ൪ = ൪ പത്തു + (൫ - ൪) ഒററ

= ൪ പത്തു, ൧ ഒററ = ൪൧.

അദ്ധ്യായം ൨൦

൧. ൪൭ മാമ്പഴത്തിൽ ൫ മാമ്പഴം ചീത്തയായിപ്പോയി. ശിഷ്ടം മാമ്പഴം എത്ര ?

൨. ൮൮ രൂപയിൽ ൩൩ രൂപ ഒരാൾക്കു് കൊടുത്താൽ ബാക്കി എത്ര രൂപയുണ്ടു്?

൩. ൩൭ കുതിരയിൽ ൪ കുതിര ചത്തുപോയി. ശിഷ്ടം ഉള്ള കുതിര എത്ര?

൪. ൭൫ - ൩; എത്ര?

൫. ൯൯ - ൭ ; എത്ര?

൪൮ - ൩൬ = (൪ പത്തു്, ൮ ഒററ) - (൩ പ-
ത്തു്, ൬ ഒററ) = ൧ പത്തു്, ൨ ഒററ = ൧൨.

ക്രിയ ചെയ്യേണ്ട വിധം.

൪൮-ൽനിന്നു് ൩൦ പോയാൽ ൧൮; ൧൮-ൽ
നിന്നു് ൬ പോയാൽ ൧൨.

അഭ്യാസം ൨൬

൧. ൬ പത്തു് ൫ ഒററയിൽനിന്നു് ൨ പത്തു് ൩ ഒററ
എടുത്താൽ ശേഷിപ്പെത്ര?

൨. എട്ടു പത്തും ൮ ഒററയും, ഇതിൽനിന്നു് ൩ പ
ത്തും ൭ ഒററയും എടുക്കുക.

൩. ൬൭-ൽനിന്നു് ൩൬ എടുക്കുക.

൪. ൭ പത്തും ൭ ഒററയും അടങ്ങിയ സംഖ്യയിൽനി
ന്നു് പത്തു് അടങ്ങിയ ൩ കൂട്ടവും ൪ ഒററയും
എടുത്താൽ ശിഷ്ടമെത്ര?

൫. ൪൯ - ൨൫; എത്ര?

ഇരുപത്താറിൽനിന്നു ഒമ്പത് എടുക്കുക.

ഇരുപത്താറ് = പത്തു വീതം കിഴി രണ്ട് + ഒററ ആറ്.

ആവശ്യമുള്ളിടത്തോളം എടുക്കാൻ ഒററയില്ലാ.

ഒരു കിഴി അഴിച്ചാൽ, ഇരുപത്താറ് = ഒരു പത്ത് + പതിനാറ് ഒററ.

ഒമ്പത് ഒററ എടുത്താൽ, ശേഷിച്ച ഒററ = ഏഴ്.

ആകെ ശിഷ്ടം = ഒരു പത്ത് + ഏഴ് ഒററ = ൧൭.

൨൬ - ൯ = ൧ പത്ത്, ൧൬ ഒററ .. ൦ പത്ത്, ൯ ഒററ.

= ൧ പത്ത്, ൭ ഒററ.
= ൧൭.

പത്ത്	ഒററ
൨ ൦	൬ ൯
൧ ൦	൧൬ ൯
൧	൭

ക്രിയ ചെയ്യേണ്ട വിധം.

൨൬-ൽ ൧൦ പോയാൽ ൧൬;

൧൬ എന്നത് ൧ പത്ത്, ൧൬ ഒററ;

൧൬-ൽ ൯ പോയാൽ ൭;

ആകെ ശിഷ്ടം, രണ്ടു പത്തും ഏഴും = ൧൭.

അഭ്യാസം ൨൭

൧. ൮ പത്തിൽനിന്നു് ൩ പത്തും ൭ ഒററയും എടു-
ക്കുക.

൨. ൬൦-ൽ നിന്നു് ൩൪ എടുക്കുക.

൩. മുപ്പത്തഞ്ചിൽനിന്നു് ഇരുപത്താറു് എടുക്കുക.

൪. ൭ പത്തു്, ൫ ഒററ: ഇതിൽനിന്നു് ൩ പത്തും ൮
ഒററയും എടുത്താൽ ശേഷിപ്പെത്ര?

൫. ൬൪-൩൯; എത്ര?

൬. ൨൫- ൧൮; എത്ര?

൭. ൪ പത്തു് ൭ ഒററ: ഇതിൽനിന്നു് ൨ പത്തും ൯ ഒ-
ററയും എടുക്കുക.

൮. ൬ പത്തും ൩ ഒററയും: ഇതിൽനിന്നു് ൨ പത്തും
൯ ഒററയും എടുത്താൽ ശിഷ്ടമെന്തു്?

൯. ൭൧-൪൯; എത്ര?

അഭ്യാസം ൨൮

൧. ൭൰-൩൯; എന്നതിന്റെ ഫലമെന്തു്?

൨. ൭൭-ൽ നിന്നു് ൰൯ കുറയ്ക്കുന്ന സംപ്രദായം ഖണ്ഡം വരച്ചു കാണിക്കുക.

൩. ൨൪-ൽ നിന്നു് ൭ കുറച്ചു കിട്ടിയ ശിഷ്ടത്തിൽനിന്നു് ൯ കുറച്ചാൽ എന്തു കിട്ടും?

൪. ൰൭-൨൦-൭-൩൦. ഫലം എന്തു്?

൫. ൧൰, ൨൪ ഇവ കൂട്ടി കിട്ടിയ തുകയിൽനിന്നു് ൨൭ കുറയ്ക്കുക.

൬. ൭൬-ൽ നിന്നു് ൨൮ കുറച്ചു കിട്ടിയ ശിഷ്ടത്തിൽ നിന്നു് ൩൬ കുറച്ചു പറക.

൭. ൰൬-ൽ നിന്നു് ൭ വീതം കുറച്ചു പറയുക.

൮. ൭൮-നോടു് ഏതു സംഖ്യ കൂട്ടിയാൽ ൯൬ കിട്ടും?

൯. ൰൮, ൨൬ ഇവയുടെ തുകയിൽ നിന്നു് ൩൬ ൧൯ എന്നവയുടെ വ്യത്യാസത്തെ കുറയ്ക്കുക.

തൊണ്ണൂറെറാൻപത്ത് = ഒൻപതു പത്ത്, ഒൻപത് ഒററ;

ഒന്നു കൂട്ടിയാൽ ആകെ: ഒൻപതു പത്ത്, ഒൻപതു ഒററ, ഒ

രു ഒററ.

= ഒൻപതു പത്തും ഇനിയൊരു പത്തും

= പത്തു പത്ത്.

പത്തുവീതം അടങ്ങിയ മഞ്ചാടിക്കിഴി ഒൻപതും ഒററമഞ്ചാടി

ഒൻപതും കൂടി തൊണ്ണൂറെറാൻപത്ത്.

ഒററമഞ്ചാടി ഒന്നു ചേർത്താൽ, ആകെ ഒററമഞ്ചാടി പത്ത്.

ഇതിനേയും ഒരു കിഴിയായ് കെട്ടാം.

അപ്പോൾ ആകെ: കിഴി പത്ത് (നൂറു ഒററ മഞ്ചാടി.)

= പത്തു പത്ത് = നൂറ്.

പത്തു വീതം അടങ്ങിയ കിഴി പത്ത് = നൂറ് ഒററ.

ഈ പത്തു കിഴികളും കൂടിയാൽ ഒരു വലിയ കിഴി.

പത്ത് ഒററ വീതമടങ്ങിയ പത്തു കിഴി (നൂറ്) :

ഒരു വലിയ കൂട്ടം.

പത്തിൻെറ കൂട്ടങ്ങൾക്ക് ഇടതുവശം, വലിയകൂട്ടം.

	നൂറ്	പത്ത്	ഒററ
തൊണ്ണൂററൊൻപത് =		൯	൯
ഒന്ന് =			൧
രണ്ടും കൂടി =		൯	൧൦
		൯+൧	൦
പത്തു പത്ത് =		൧൦	൦
ഒരു നൂറ് =	൧	൦	൦
ഒരു നൂറിൽ, വലിയ കൂട്ടം ൧,	൧൦൦		

പത്തില്ലാ ഒററയില്ലാ.

തൊണ്ണൂററിരണ്ടും എട്ടും = ഒൻപതു പത്തും, രണ്ടും, എട്ടും.

= ഒൻപതു പത്തും ഇനിയൊരു

പത്തും

= പത്തു പത്തു് = നൂറു് = ൧൦൦

എഴുപത്തിമൂന്നും ഇരുപ

ത്തേഴും = ഏഴു പത്തും മൂന്നും + രണ്ടു പ

ത്തും ഏഴും.

= ഒൻപതു പത്തും മൂന്നും ഏഴും

= ഒൻപതു പത്തും ഇനിയൊരു

പത്തും

= പത്തു പത്തു്.

= നൂറിൻെറ കൂട്ടം ൧ = ൧൦൦.

൭൨ + ൨൮ = (൭൦ + ൨) + (൨൦ + ൮)

= (൭൦ + ൨൦)+ (൨ + ൮)

= ൯൦ + ൧൦ = ൧൦൦

അഭ്യാസം ൨൮

൧. നൂറിൽനിന്നു എഴുപത്തെട്ടു എത്ര കുറഞ്ഞതു?

൨. ൬൩-നോട്ടു എത്ര കൂട്ടിയാൽ ൧൦൦ കിട്ടും?

൩. ൭ പത്തും എത്ര പത്തും കൂടിയതു ഒരുനൂറു?

൪. ഒരുനൂറിൽനിന്നു ൬ പത്തും ൫ ഒററയും കൂടിയ സംഖ്യ എത്ര കുറഞ്ഞതു?

൫. ൮ പത്തു കിട്ടാൻ ഒരുനൂറിൽനിന്നു എത്ര ഒററ കുറയ്ക്കണം?

൬. ൨൭, ൩൩ ഇവ കൂട്ടി കിട്ടിയതോടു എത്ര പത്തു ചേർത്താൽ ഒരുനൂറു കിട്ടും?

൭. പത്തു ആന ഒരു കൂട്ടം. ൰ കൂട്ടവും എത്ര ആനയും ഉണ്ടായാൽ ഒരു വലിയ കൂട്ടം?

൮. ൧൦൦-ൽനിന്നു ൭ വീതം കുറച്ചു കഴിയുന്നിടത്തോളം എണ്ണുക.

C. M. S. Press, Kottayam—1917

ഞങ്ങളുടെ ചില പ്രസിദ്ധീകരണങ്ങൾ.

			വില ച.
അങ്കഗണിതം ഒന്നാം പുസ്തകം—		ഒന്നാം ക്ലാസിലേക്ക്	൩
"	രണ്ടാം "	രണ്ടാം "	[illegible]
"	മൂന്നാം "	മൂന്നാം "	[illegible]
"	നാലാം "	നാലാം "	[illegible]
"	അഞ്ചാം "	അഞ്ചാം "	[illegible]
"	ആറാം "	ആറാം "	[illegible]
"	ഏഴാം "	ഏഴാം "	[illegible]
പദ്യമാലിക	ഒന്നാം ഭാഗം	ഒന്നാം ക്ലാസിലേക്ക്	[illegible]
"	രണ്ടാം ഭാഗം	രണ്ടാം ക്ലാസിലേക്ക്	[illegible]
വ്യാകരണ[illegible]	ഒന്നാം പുസ്തകം	ഒന്നാം "	[illegible]
"	രണ്ടാം പുസ്തകം	രണ്ടാം "	[illegible]
"	മൂന്നാം "	മൂന്നാം "	[illegible]
ഭൂമിശാസ്ത്രം [illegible]		[illegible] ക്ലാസിലേക്ക്	[illegible]
രാജ്യഭരണം		രണ്ടാം ക്ലാസിലേക്ക്	[illegible]
"		മൂന്നാം ക്ലാസിലേക്ക്	[illegible]
"		നാലാം ക്ലാസിലേക്ക്	[illegible]

ഈ പുസ്തകങ്ങൾ അതതു ക്ലാസ്സുകളിൽ [illegible] പാഠ്യപുസ്തകങ്ങളായി ഉപയോഗിക്കപ്പെടുന്നവയാകുന്നു. ഇവ [illegible] പ്രസിദ്ധീകരണങ്ങളുമുണ്ട്. ആവശ്യക്കാർക്കു താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ കിട്ടുന്നതായിരിക്കും.

തോമസ് പോൾ ബി. എ.

വിദ്യാവിലാസം പ്രസിദ്ധീകരണശാല

[illegible] തൈക്കാട്ട് — തിരുവനന്തപുരം.